നമ്പർ.റ്റി-1071/2025/ജി.പി.എച്ച്.റ്റി.സി. തീയതി: 05.11.2025

## സർക്കുലർ

വിഷയം : ആരോഗ്യ വകുപ്പ് - ജി.പി.എച്ച്.റ്റി.സി. - ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് - റെഗുലർ/റീ-അപ്പിയറൻസ് വാർഷിക പൊതുപരീക്ഷ 2026 – അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച് –

സൂചന :

സംസ്ഥാനത്തെ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2026 ലെ വാർഷിക പരീക്ഷ ബഹു.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിന്റെ മേൽനോട്ടത്തിൽ മുൻ വർഷങ്ങളിലെ പോലെ ഈ വർഷം കൂടി നടത്താൻ സർക്കാർ **സൂചന (1)** കത്ത് പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2026 ലെ വാർഷിക പൊതു പരീക്ഷ നടത്തുന്നതിനുള്ള സർക്കുലർ പുറപ്പെടുവിക്കുന്നു.

**2026 ജനുവരി ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന്റെ 2023-25 ബാച്ചിന്റെ (2023 അഡ്മിഷൻ) രണ്ടാം വർഷ വാർഷിക പരീക്ഷയ്ക്കും, 2024-26 ബാച്ചിന്റെ (2024 അഡ്മിഷൻ) ഒന്നാം വർഷ വാർഷിക പരീക്ഷയ്ക്കും മുൻ ബാച്ച് വിദ്യാർത്ഥികളുടെ റീ-അപ്പിയറൻസ് പരീക്ഷയ്ക്കും വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. പുതുക്കിയ അപേക്ഷാ ഫോം** https://dhs.kerala.gov.in/results-3/ **എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. സ്ഥാപനങ്ങൾ മുഖേന അപേക്ഷകൾ ഈ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയതി. 25.11.2025, 5 PM ആണ്.**

പരീക്ഷക്ക് അപേക്ഷിക്കുന്നതിനുള്ള ഫീസിന്റെ വിശദാംശങ്ങളും പരീക്ഷാ ഫീസ് ഒടുക്കേണ്ട വിധവും താഴെ വിശദീകരിക്കുന്നു.

1. അപേക്ഷ ഫോം ഫീസ് - 10/- രൂപ
2. പരീക്ഷ ഫീസ്:
   എ) റെഗുലർ ഓരോ പേപ്പറിനും ഫീസ് 150/- രൂപ വീതം,
   ബി) റീ അപ്പിയറൻസ് ഓരോ പേപ്പറിനും ഫീസ് 200/- രൂപ വീതം
3. മാർക്ക് ലിസ്റ്റ് 50/- രൂപ (റെഗുലർ, റീഅപ്പിയറൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഓരോ വർഷത്തെയും മാർക്ക് ലിസ്റ്റിന് പ്രത്യേകമായി 50/- രൂപ വീതം ഫീസ് അടയ്ക്കേണ്ടതാണ്.)

പരീക്ഷ ഫീസിനത്തിൽ പാരാമെഡിക്കൽ കൗൺസിലിലേക്ക് അടക്കുന്ന തുക യാതൊരു കാരണവശാലും റീഫണ്ട് ചെയ്യുന്നതല്ല.

വിദ്യാർത്ഥികൾ അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **പരീക്ഷാർത്ഥികൾ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ SSLC/CBSC/ICSC പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, മുൻപ് എഴുതിയിട്ടുള്ള DHIC പരീക്ഷകളുടെ ഹാൾ ടിക്കറ്റിന്റേയും മാർക്ക് ലിസ്റ്റുകളുടേയും പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇത് കൂടാതെ പരീക്ഷാർത്ഥികൾ പേരും ജനന തീയതിയും പ്രിന്റ് ചെയ്ത ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ അപേക്ഷയിൽ**

പതിപ്പിക്കേണ്ടതും പേരും ജനന തീയതിയും പ്രിന്റ് ചെയ്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ അപേക്ഷയോടൊപ്പം പ്രത്യേകമായി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. ഈ കാര്യങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നു സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്ഥാപനമേധാവികൾ റെഗുലർ വിദ്യാർത്ഥികളുടെയും റീ അപ്പിയറൻസ് വിദ്യാർത്ഥികളുടെയും അപേക്ഷകൾ, വെവ്വേറെ ലിസ്റ്റുകൾ ആയി തരം തിരിച്ച് തയ്യാറാക്കേണ്ടതും എല്ലാ അപേക്ഷകരുടെയും പരീക്ഷ ഫീസ് മുഴുവനായും സെക്രട്ടറി പാരാമെഡിക്കൽ കൗൺസിലിന്റെ A/C No: 57036990991 (IFSC: SBIN0070028 തിരുവനന്തപുരം മെയിൻ ബ്രാഞ്ച്) എന്ന അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റുകൾ/ ഗൂഗിൾ പേ/ഫോൺ പേ/UPI മുതലായവ വഴി ഫീസ് അടയ്ക്കരുത്. അടച്ച ഫീസ് തുകയുടെ ജേർണൽ നമ്പർ/UTR നമ്പർ/ട്രാൻസാക്ഷൻ റഫറൻസ് നമ്പറോടുകൂടിയ ഒറിജിനൽ കൗണ്ടർഫോയിൽ അടക്കമുള്ള, മേൽ പ്രതിപാദിച്ച രേഖകൾ പരീക്ഷാർത്ഥികളുടെ അപേക്ഷയോടൊപ്പം അവസാന തീയതിയായ 2025 നവംബർ 25 നോ അതിന് മുമ്പോ തിരുവനന്തപുരം ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ എത്തിക്കേതാണ്. അപേക്ഷകർ പഠിക്കുന്ന/പഠിച്ച സ്ഥാപനത്തിന്റെ പ്രിൻസിപ്പാളിന്റെ ഒപ്പോടുകൂടി സ്ഥാപന മോധാവി വഴിയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

മുൻകാലങ്ങളിൽ വിദ്യാർത്ഥികൾ സമർപ്പിച്ചിരുന്ന പല അപേക്ഷകളിലും SSLC/CBSC/ICSC സർട്ടിഫിക്കറ്റ് പ്രകാരമുള്ള സ്വന്തം പേര്, ബാച്ച്, പഠിക്കുന്ന/പഠിച്ച വർഷം, അപേക്ഷിക്കുന്ന വിഷയങ്ങൾ മുതലായ വിവരങ്ങളിൽ കൃത്യത ഇല്ലാതെയും തെറ്റായും രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനാൽ സ്ഥാപനമേധാവി ടി വിവരങ്ങൾ കൃത്യമായി പരിശോധിച്ച് അപേക്ഷകൾ സാക്ഷ്യപ്പെടുത്തിയ ശേഷം മാത്രം അയക്കേണ്ടതാണ്.

ഇത് കൂടാതെ, ഈ സ്ഥാപനത്തിൽ നിന്നും നൽകുന്ന ഗൂഗിൾ ഷീറ്റിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ SSLC/CBSC/ICSC സർട്ടിഫിക്കറ്റ് പ്രകാരവും, പരീക്ഷയ്ക്ക് ഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ ബാങ്കിൽ നിന്ന് ലഭിക്കുന്ന കൗണ്ടർഫോയിൽ പ്രകാരവും കൃത്യമായും പൂർണ്ണമായും പൂരിപ്പിക്കേണ്ടതും ടി ഗൂഗിൾ ഷീറ്റിന്റെ ഒരു ഹാർഡ് കോപ്പി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി പരീക്ഷാർത്ഥികളുടെ അപേക്ഷയോടൊപ്പം 2026 നവംബർ 25-നകം തിരുവനന്തപുരം ഗവ. പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ ലഭ്യമാക്കേണ്ടതുമാണ്. വിദ്യാർത്ഥികൾ അപേക്ഷയിൽ നൽകുന്ന വിവരങ്ങളും അനുബന്ധ ഗൂഗിൾ ഷീറ്റിൽ നൽകുന്ന വിവരങ്ങളും ഒന്ന് തന്നെയാണെന്ന് ഉറപ്പുവരുത്താനും മേൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും കൃത്യമായി പാലിക്കുവാനും സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരീക്ഷയ്ക്കുള്ള അപേക്ഷ ഫോം എന്നിവ ഈ സർക്കുലറിനോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ടി പരീക്ഷയുടെ വിശദമായ ടൈം ടേബിൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

കോഴ്സിന്റെ ബോർഡ് ഓഫ് എക്സാമിനേഷൻസ് ചെയർമാനായ ബഹു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 15/11/2021 ൽ കൂടിയ യോഗതീരുമാന പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, കോഴ്സ് കാലാവധിക്ക് ശേഷം അഞ്ചു വർഷത്തിനുള്ളിൽ 4 അവസരങ്ങൾ ഉപയോഗപ്പെടുത്തി പൂർത്തിയാക്കാവുന്നതാണ്. ഇത്

പ്രകാരം **2018-20** മുതൽ തുടർന്നുള്ള ബാച്ച് വിദ്യാർത്ഥികൾക്ക് ഇത്തവണ റീ-അപ്പിയറൻസ് പരീക്ഷക്ക് അപേക്ഷിക്കാൻ യോഗ്യതയുണ്ടായിരിക്കും. **2018-20** ന് മുൻപുള്ള ബാച്ച് വിദ്യാർത്ഥികളുടെ റീ-അപ്പിയറൻസ് അപേക്ഷകൾ പരിഗണിക്കില്ല. കൂടാതെ റഗുലർ വിദ്യാർത്ഥികൾ ഓരോ വർഷവും 45 ദിവസം വീതമുള്ള നിർബന്ധിത ഫീൽഡ് ട്രെയിനിംഗ് പൂർത്തീകരിക്കേണ്ടതും ടി വിവരം പരീക്ഷയുടെ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്റ്റേറ്റ് നോഡൽ ഓഫീസർ

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്